I ഇ.ബി. XIV - കേരള നിയമസഭ/XXII-4

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനുവരി 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I അടിയന്തരപ്രമേയം

ലൈഫ് മിഷനുമായി ബന്ധപ്പെട്ട അഴിമതി

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പണിയുന്ന ഫ്ലാറ്റിന്റെയും ആശുപത്രിയുടെയും മറവിൽ നടത്തിയതായി പറയപ്പെടുന്ന അഴിമതി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേരളത്തിലെ ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും പ്രയോജനപ്രദമാകുന്ന രീതിയിലാണ് ലൈഫ് മിഷൻ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിപ്രകാരം 250547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 15000 കുടുംബങ്ങൾക്കുകൂടി 2021 മാർച്ച് 21-നകം ഭവനം നിർമ്മിച്ചുനൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വടക്കാഞ്ചേരിയിലെ 140 ഗുണഭോക്താക്കൾക്കുള്ള ഭവന സമുച്ചയവും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഒരു ആശുപത്രിയും സൗജന്യമായി നിർമ്മിച്ചുനൽകാൻ യു.എ.ഇ. റെഡ് ക്രെസന്റ് എന്ന ചാരിറ്റബിൾ സംഘടന കേരള സർക്കാരുമായി പൊതു ധാരണാപത്രത്തിൽ 2019 ജൂലൈ 11-ന് ഒപ്പുവച്ചിരുന്നു. നിർമ്മാണം ഏകദേശം പൂർത്തിയായ ഘട്ടത്തിലാണ് യു.എ.ഇ. കോൺസുലേറ്റുമായി ബന്ധപ്പെട്ട ചിലർ കള്ളക്കടത്തുകേസിൽ പ്രതികളാണെന്നും കരാറുകാരൻ ഇവർക്ക് കമ്മീഷൻ നൽകിയെന്നുമുള്ള വാർത്തകൾ പുറത്തുവരുന്നത്. ഏതെങ്കിലും പബ്ലിക് സെർവന്റ് അഴിമതി നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിക്കാൻ വിജിലൻസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലൈഫ് മിഷനോ സംസ്ഥാന സർക്കാരോ യാതൊരു വിദേശ

സംഭാവനയും സ്വീകരിച്ചിട്ടില്ല. സർക്കാർ നയം കാര്യക്ഷമതയോടെയും അർപ്പണ ബോധത്തോടെയും നടപ്പിലാക്കിയ ഉദ്യോഗസ്ഥൻമാരെ അഴിമതിക്കാരായി ചിത്രീകരിക്കുന്നത് ശരിയല്ല. അഴിമതി നടത്തിയവർക്കെതിരെ തെളിവുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. ഇതുമായി ബന്ധപ്പെട്ട് കോടതി പരാമർശിച്ച കാര്യങ്ങളിൽ നിയമോപദേശം തേടി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് മന്ത്രി നടത്തിയിട്ടുള്ളത്. ഫ്ലാറ്റ് പണിയാൻ 2019 ജൂലൈ മാസം സർക്കാർ 15 കോടി രൂപ അനുവദിച്ച സമയത്തുതന്നെ റെഡ് ക്രെസന്റുമായി കരാർ ഒപ്പിട്ടതിന്റെ കാരണം വ്യക്തമാക്കണം. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നൽകാനുള്ള ലൈഫ് പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് കണ്ടെത്തണം. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പി.എം.സി.-കളെ ഒഴിവാക്കി യൂണിടാക് ബിൽഡേഴ്സിനെ ഏൽപ്പിക്കുകയും ജി.എസ്.ടി. ഒഴിവാക്കുകയുമാണ് ചെയ്തത്. സാധാരണക്കാരന് അവകാശപ്പെട്ട പാർപ്പിട പദ്ധതിയിൽ സ്വർണ്ണ കള്ളക്കടത്ത് കേസ്സിലെ പ്രതികളുൾപ്പെടെ നടത്തിയ അഴിമതി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് വടക്കാഞ്ചേരി ലൈഫ് പദ്ധതിക്ക് ഭൂമി ഏറ്റെടുത്ത് നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്. റവന്യൂ വകുപ്പിന്റെ ഭൂമിയിൽ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചുവെങ്കിലും കോവിഡ്-19-ഉമായി ബന്ധപ്പെട്ട സാഹചര്യത്തിൽ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടു. വീട് നിർമ്മിച്ച് നൽകാൻ സന്നദ്ധ സംഘടന തയ്യാറായപ്പോൾ ആവശ്യമായ സൗകര്യമൊരുക്കുകയാണ് സർക്കാർ ചെയ്തത്. 18 കോടി രൂപയുടെ പദ്ധതിയിൽ 9 കോടി രൂപയുടെ അഴിമതി ആരോപണം ഉന്നയിച്ചിരിക്കുന്നത് വിചിത്രമാണ്. ഇക്കാര്യത്തിൽ അസ്വാഭാവികമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പദ്ധതിയെ താറടിച്ചു കാണിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. ലൈഫ് മിഷൻ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ ബലപരിശോധന നടത്തുന്നതിന് ഒരു പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഭവനരഹിതരായ മുഴുവൻ പേർക്കും ഭവനം നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതിയുമായി സർക്കാർ

മുന്നോട്ടുപോകുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

(1) കഞ്ചിക്കോട് ബി.ഇ.എം.എൽ. സ്വകാര്യവത്കരണം

ശ്രീ. പി. കെ. ശശി: മിനി നവരത്ന കമ്പനിയായ ബി.ഇ.എം.എൽ.-നെ സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാർ നടപടി അവസാനിപ്പിക്കണം. സൈനികർക്കാവശ്യമായ കവചിത വാഹനങ്ങളും മെട്രോ കോച്ചുകളും നിർമ്മിക്കുന്ന ഇന്ത്യയിലെ ഏക പൊതുമേഖലാ സ്ഥാപനമായ ബി.ഇ.എം.എൽ.-നെ കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള നീക്കത്തെ തടയണം. പ്രസ്തുത സ്ഥാപനത്തെ പൊതുമേഖലാ സ്ഥാപനമായി

നിലനിർത്തുന്നതിനും അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ശക്തമായ ഇടപെടൽ നടത്തണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): മിനി നവരത്ന വിഭാഗത്തിൽപ്പെടുന്നതും ലാഭകരമായി പ്രവർത്തിക്കുന്നതുമായ BEML-നെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതാവശ്യമാണ്. ഉദാരവത്കരണ നയത്തിന്റെ ഭാഗമായി BEML-ന്റെ ഓഹരി വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയേയും ജീവനക്കാരുടെ തൊഴിൽ സാദ്ധ്യതയേയും പ്രതികൂലമായി ബാധിക്കുന്നതാണ്. ഇതിനെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും മത്സരക്ഷമത വർദ്ധിപ്പിച്ച് ഉല്പാദന മേഖലയിൽ ചലനം സൃഷ്ടിക്കാനുമുള്ള ശ്രമമാണ് നടത്തുന്നത്. 2010-ൽ പ്രവർത്തനമാരംഭിച്ച BEML-നായി സംസ്ഥാന സർക്കാർ പാട്ടവ്യവസ്ഥയിൽ കിൻഫ്ര മുഖാന്തരമാണ് ഭൂമി അനുവദിച്ചത്. നിരവധി തൊഴിലാളികൾ ജോലിചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിൽനിന്നും ഇന്ത്യൻ റെയിൽവേയ്ക്കും പ്രതിരോധസേനകൾക്കും ആവശ്യമായ യന്ത്രസാമഗ്രികളാണ്

ഉൽപ്പാദിപ്പിക്കുന്നത്. സ്വകാര്യവത്കരണത്തിന്റെ ഭാഗമായി ഇതിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്ന സ്ഥിതിയാണ് സംജാതമായിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണത്തിനെതിരെ എം.പി.മാരും ട്രേഡ് യൂണിയൻ നേതാക്കളും യോജിച്ച നിലപാട് സ്വീകരിക്കുകയും കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും നിരന്തരമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്.

## 2. ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. അനൂപ് ജേക്കബ്: ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കാലിത്തീറ്റയുടെ വിലവർദ്ധന ഒഴിവാക്കുന്നതിനും സബ്സിഡി ഏർപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം. കന്നുകാലികളുടെ സമഗ്ര ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് ഏർപ്പെടുത്തിയ സമയക്രമം പുനഃപരിശോധിക്കുകയും ഇൻഷ്വറൻസ് പ്രീമിയം നിരക്ക് കുറയ്ക്കുകയും ചെയ്യണം. ഇതരസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം

ഉറപ്പുവരുത്തുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റുകളിലെ പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും സംസ്ഥാനത്തെ മൃഗാശുപത്രികളുടെ പ്രവർത്തനം 24 മണിക്കൂറാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ക്ഷീരകർഷകരുടെ ഉന്നമനത്തിനായി നിരവധി നടപടികളാണ് സ്വീകരിച്ചു വരുന്നത്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനയ്ക്കനുസൃതമായി കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഇതരസംസ്ഥാനത്തുനിന്നും വരുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ടെസ്റ്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. മിൽമയുടേയും മേഖലാ യൂണിയനുകളുടേയും പ്രവർത്തന ലാഭം പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് നൽകുന്നുണ്ട്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾ മുഖേന കറവയന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുകയും മൃഗചികിത്സാ ചെലവുകൾ ലഘൂകരിക്കുന്നതിന് വികേന്ദ്രീകൃത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം

പരിശോധിക്കുന്നതിനായി ലാബുകൾ സജ്ജമാണ്. പാലിന് ലിറ്ററൊന്നിന് ക്ഷീരവികസന വകുപ്പുമുഖേന ഒരു രൂപയും തദ്ദേശസ്ഥാപനങ്ങൾ വഴി 4 രൂപയും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഓരോ മേഖലയിലേയും ഉരുക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മൃഗാശുപത്രികളുടെ പ്രവർത്തനം പുനഃക്രമീകരിക്കുന്നതും മൊബൈൽ മൃഗാശുപത്രികളുടെ പ്രവർത്തനം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) റിമാന്റ് പ്രതിയുടെ തൂങ്ങിമരണം

ഡോ. എം. കെ. മുനീർ: കോഴിക്കോട് ജില്ലാ ജയിലിൽ റിമാന്റ് പ്രതിയായ എ. കെ. ബീരാൻ കോയ തൂങ്ങി മരിച്ചത് സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് പന്തീരാങ്കാവ് സ്വദേശിനിയായ സംസാരവൈകല്യമുള്ള യുവതിയെ മാനഹാനി വരുത്തിയെന്ന പരാതിയിന്മേൽ 2.1.2021-ന് ബീരാൻ കോയയ്ക്കെതിരെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ടവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 3.1.2021-ന് ടിയാനെ അറസ്റ്റ്

ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിരുന്നു. 6.1.2021-ന് രാത്രി പാർപ്പിച്ചിരുന്ന സെല്ലിലെ ജനൽക്കമ്പിയിൽ ടിയാൻ തോർത്തുപയോഗിച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകവെ മരണപ്പെടുകയുമുണ്ടായി. ഇതുസംബന്ധിച്ച് കസബ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന അസിസ്റ്റന്റ് പ്രിസൺ ഓഫീസറെ സസ്പെന്റ് ചെയ്യുകയും ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ജയിൽ സൂപ്രണ്ട് എന്നിവരെ സ്ഥലം മാറ്റുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിന് ഉത്തരമേഖല ജയിൽ ഡി.ഐ.ജി. ശ്രീ. എം. കെ. വിനോദ് കുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) <u>വിവരാവകാശ നിയമം ദുരുപയോഗം ചെയ്യൽ</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: വിവരാവകാശനിയമം ദുരുപയോഗം ചെയ്യുന്ന മാഫിയ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ജനാധിപത്യ സംവിധാനത്തിന് കരുത്ത് പകരുന്നതിനും ഭരണനിർവ്വഹണ രംഗത്ത് കൈക്കൊള്ളുന്ന തീരുമാനങ്ങളും നടപടികളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും

വിവരാവകാശ നിയമം സഹായകമാകുന്നുണ്ട്. ഒരേ അപേക്ഷകർ പലതവണ അപേക്ഷകൾ സമർപ്പിക്കുന്നതും കൃത്യമായ മറുപടി നൽകാൻ കഴിയാത്ത സങ്കീർണ്ണമായ വിഷയങ്ങൾ ഉന്നയിക്കുന്നതും മറുപടിയിൽ വ്യക്തതയില്ലെന്ന് ആരോപിച്ച് അപ്പീൽ നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്കുള്ള സൗജന്യങ്ങൾ ദുരുപയോഗം ചെയ്യുന്ന സ്ഥിതിയും നിലവിലുണ്ട്. നിയമം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിലും മറ്റ് വകുപ്പുകളിലും അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി നിയമം ദുരുപയോഗപ്പെടുത്തുന്നതായി ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ അത്തരം വ്യക്തികൾക്ക് താക്കീത് നൽകിയും പൊതുശല്യക്കാരനായി പരാമർശിച്ചും സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. ഇതുസംബന്ധിച്ച് വ്യക്തമായ മാനദണ്ഡം രൂപപ്പെടുത്തുകയെന്നത് സർക്കാരിന് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ പ്രശ്നത്തിന്മേൽ എന്തുചെയ്യാൻ കഴിയുമെന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) കായൽജലം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: തീരദേശ മേഖലയിലെ ജനവാസ കേന്ദ്രങ്ങളിൽ ഓരുവെള്ളം കയറുന്നത് തടയുന്നതിന്റെ ഭാഗമായി കായലുകളിൽ അടിഞ്ഞുകൂടുന്ന എക്കൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പശ്ചിമകൊച്ചിയിലെ ജനവാസ കേന്ദ്രങ്ങളിൽ കായൽജലം കയറുന്നത് ജനജീവിതത്തെ ബാധിച്ചിട്ടുണ്ട്. വേമ്പനാട് കായൽത്തീരത്തെ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുമ്പോൾ അവ നിക്ഷേപിക്കുന്നതിന് പള്ളുരുത്തി മേഖലയിൽ ലീസിന് സ്ഥലം നൽകണമെന്നും പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള പ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്നും കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബോട്ട് റൂട്ടുകളുടെ ആഴംകൂട്ടൽ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കൃഷിസ്ഥലങ്ങളിലും കിണറുകളിലും ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാര്യങ്കോട് പുഴയുടെ സമീപത്തെ വിവിധ പ്രദേശങ്ങളിൽ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും കിണറുകളിലെ വെള്ളം ഉപയോഗശൂന്യമാവുകയും ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികൾ കണ്ടെത്തി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്ഥലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (5) കുട്ടികൾക്ക് സൗജന്യ ചികിത്സ

ശ്രീ. പാറക്കൽ അബ്ദുല്ല: ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി ആശുപത്രിയിൽ കുട്ടികളുടെ സൗജന്യ ചികിത്സാ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി ആശുപത്രിയിൽ കുട്ടികൾക്കുള്ള

സൗജന്യചികിത്സയടക്കം സർക്കാർ പദ്ധതികൾപ്രകാരമുള്ള ചികിത്സാസൗജന്യം അനുവദിക്കാത്തതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളുമായും നാഷണൽ ഹെൽത്ത് മിഷനുമായും ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും ചർച്ച നടത്തുകയും നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എംപാനൽ ചെയ്ത മറ്റാശുപത്രികൾ വഴി രോഗികൾക്കുള്ള ചികിത്സയും കുട്ടികൾക്കുള്ള സൗജന്യ ചികിത്സയും മുടങ്ങാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) <u>മിമിക്രിയെ കേരള സംഗീത നാടക അക്കാദമിയുടെ ഭാഗമാക്കൽ</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: മിമിക്രി എന്ന ജനകീയ അനുകരണകലാരൂപത്തെ അംഗീകരിക്കുന്നതിനും കേരള സംഗീത നാടക അക്കാദമിയുടെ ഭാഗമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>):

മിമിക്രിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനും ഔപചാരികമായി അംഗീകരിക്കുന്നതിനും സർക്കാരിന് അനുകൂല നിലപാടാണുള്ളത്. ഈ കലാരൂപത്തെ കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തന പട്ടികയിൽ ഔദ്യോഗികമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അക്കാദമിയുടെ നിയമാവലി ഭേദഗതി വരുത്തി സർക്കാരിൽനിന്ന് അനുമതി വാങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) പൈതൃക ഗ്രാമ പദ്ധതി

ശ്രീ. സജി ചെറിയാൻ: മാന്നാർ-ചെങ്ങന്നൂർ-ആറന്മുള പൈതൃക ഗ്രാമപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ചെങ്ങന്നൂരും സമീപ മണ്ഡലമായ ആറന്മുളയും ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ആരാധനാലയങ്ങളും കൊട്ടാരവും പള്ളിയോടങ്ങളും പരമ്പരാഗത വ്യവസായവും ആഭരണശാലയും സംരക്ഷിച്ചുകൊണ്ട് ഒരു പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കാനുള്ള രൂപരേഖ തയ്യാറാക്കി സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) ഡിജിറ്റലൈസേഷൻ

ശ്രീ. ഷാഫി. പറമ്പിൽ: പാലക്കാട് ഗവൺമെന്റ് മോയൻ മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ എം.എൽ.എ./എം.പി. മാരുടെ ഫണ്ടുകളുൾപ്പെടെ ഉപയോഗിച്ച് പാലക്കാട് ഗവൺമെന്റ് മോയൻ മോഡൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിനായി 8 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. വിവിധ സാങ്കേതിക സമിതികളുടെ ഉപദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഡിജിറ്റലൈസേഷൻ ഉടൻ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) മരമടി മത്സരം

ശ്രീ. ചിറ്റയം ഗോപകുമാർ: നിർത്തിവച്ചിരുന്ന ആനന്ദപ്പള്ളി മരമടി മത്സരം പുനരാരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം നടത്തുമെന്ന ഉറപ്പിന് വ്യക്തതയുണ്ടാക്കുകയും വേണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ഈ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പുമേധാവികൾ, മൃഗസ്നേഹികൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുമായി നടത്തിയ ചർച്ചയിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും നിയമ വകുപ്പുമായി കൂടിയാലോചിച്ച് കരട് ബിൽ തയ്യാറാക്കുകയും ചെയ്തു. എന്നാൽ കരട് ബില്ലിലെ ചില വ്യവസ്ഥകൾ 1960-ലെ മൃഗപീഡതടയൽ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുമെന്നതിനാൽ സംസ്ഥാന നിയമസഭ അത്തരമൊരു ബിൽ പാസ്സാക്കിയാൽത്തന്നെ ഭരണഘടനയുടെ 254-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതി ലഭിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ആനന്ദപ്പള്ളി മരമടി മത്സരം പുനരാരംഭിക്കുന്നത് അഭികാമ്യമായിരിക്കില്ല. ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

## (10) കുറുക്കൻകുണ്ട് പ്രദേശത്തിന്റെ വികസനം

ശ്രീ. എൻ. ഷംസുദ്ദീൻ: അട്ടപ്പാടി ബ്ലോക്കിലെ കുറുക്കൻകുണ്ട് പ്രദേശത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒരു പ്രത്യേക

ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിയമാനുസൃതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കുറുക്കൻകുണ്ട് പ്രദേശത്തുള്ളവർ 50 വർഷത്തിലധികമായി അവിടെ താമസിക്കുന്നവരാണെന്നും ഭൂമിക്ക് പട്ടയമുൾപ്പെടെയുള്ള രേഖകളുണ്ടെന്നുമുള്ള അവകാശവാദം ശരിയല്ല. മേൽ വനഭൂമിയിൽ ലാന്റ് ട്രൈബ്യൂണൽ അനുവദിച്ചതായി കണ്ടെത്തിയ 22 പട്ടയങ്ങൾ റദ്ദ് ചെയ്യാൻ തൃശ്ശൂർ അപ്പലേറ്റ് അതോറിറ്റി മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പട്ടയങ്ങൾ സംബന്ധിച്ച് പ്രദേശവാസികൾ സമർപ്പിച്ച റിട്ട് അപ്പീൽ ഹൈക്കോടതി വിശദമായി പരിശോധിക്കുകയും വനഭൂമിയിൽ ഇത്തരം പട്ടയങ്ങൾ അനുവദിക്കുന്നതിന് ലാന്റ് ട്രൈബ്യൂണലിന് അധികാരമില്ലെന്നും ആയതിനാൽ അവ നിലനിൽക്കുന്നതല്ലെന്നും നിരീക്ഷിച്ചിട്ടുമുണ്ട്. നിയമവിരുദ്ധമായി നൽകിയ പട്ടയമായതിനാൽ ഈ വനപ്രദേശത്ത് ഭൂമിയുടെ സ്വതന്ത്രവിനിയോഗമോ വൈദ്യുതി, റോഡ് തുടങ്ങിയ സൗകര്യങ്ങളോ ഒരുക്കാൻ കഴിയില്ല. ലാന്റ് ട്രൈബ്യൂണൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ നിയമസാധുത റവന്യൂ, ലാന്റ്, വനം എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയതിനുശേഷം മാത്രമേ

ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂവെന്ന നിർദ്ദേശം നൽകുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് 1, ലിസ്റ്റ് 2 - ചട്ടം 47(2), ലിസ്റ്റ് 3-ചട്ടം 236(5), ലിസ്റ്റ് 4-ചട്ടം 236(6) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ

(3) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ.

## VI ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

<u>ശ്രീ. റ്റി. വി. രാജേഷ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ

കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റിയതും പൊതുമേഖലയെ ശക്തിപ്പെടുത്തിയതും തീരദേശ-മലയോര ഹൈവേകൾ യാഥാർത്ഥ്യമാക്കിയതും തരിശുരഹിത കേരളം പദ്ധതിയിലൂടെ പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചതും നെല്ലിന് റോയൽറ്റി ഏർപ്പെടുത്തിയതും ഗവൺമെന്റിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളും ദുരിതകാലത്ത് തുടർച്ചയായി ഭക്ഷ്യകിറ്റ് നൽകിയ സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളും പ്രശംസനീയമാണ്. ഭവന-ഭൂരഹിതരായ എല്ലാവർക്കും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടും സ്ഥലവും നൽകിയതും കേരള ബാങ്ക് യാഥാർത്ഥ്യമാക്കിയതും വിഴിഞ്ഞം തുറമുഖപദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കാൻ കഴിഞ്ഞതും ആരോഗ്യരംഗത്ത് ലോകത്തിന് മാതൃകയാകാനും ക്ഷീരരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനും കഴിഞ്ഞതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ട്രാൻസ്പോർട്ട് വകുപ്പിനെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തിയതും അതിഥിതൊഴിലാളികൾക്കുവേണ്ടി 'അപ്നാ ഘർ' പദ്ധതി നടപ്പാക്കിയതും ശ്ലാഘനീയമാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ ഗവൺമെന്റാണിത്. യാഥാർത്ഥ്യമാക്കാൻ കഴിയാത്ത സ്വപ്നപദ്ധതികളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് ഗോൾവൽക്കറുടെ പേര് നൽകിയതിനുപകരം ഡോ. പൽപ്പുവിന്റെ പേരുനൽകുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. കർഷകസമരം വിജയിപ്പിക്കാൻ സംസ്ഥാനം ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ശംഖുംമുഖത്തെ സാഗരകന്യക പ്രതിമയുടെ സമീപത്തുനിന്നും ഹെലികോപ്റ്റർ മാറ്റാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപനത്തിൽ മോഹനവാഗ്ദാനങ്ങൾ നൽകുമ്പോഴും സമസ്ത മേഖലകളിലും അഴിമതിയാണ് നടക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധ നിയമങ്ങൾക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ യോജിച്ച് പ്രവർത്തിക്കണം.

<u>ശ്രീ. എം. നൗഷാദ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ഓഖി, നിപ, പ്രളയം, കോവിഡ്-19 തുടങ്ങിയ മഹാമാരികളെ പ്രതിരോധിച്ച് മുന്നേറുകയും കേരള ജനതയുടെ സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുകയും ചെയ്ത സർക്കാരാണിത്. ഗെയിൽ പൈപ്പ് ലൈൻ, നാഷണൽ ഹൈവേ വികസനം, ബൈപ്പാസ്സുകളുടെയും ഫ്ലൈ ഓവറുകളുടെയും പാലങ്ങളുടെയും നിർമ്മാണം എന്നിവ യാഥാർത്ഥ്യമാക്കാൻ സാധിച്ചതും സ്കൂളുകൾ ഹൈടെക് ആക്കി മാറ്റിയതും സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യങ്ങളൊരുക്കിയതും സർക്കാരിന്റെ ഭരണ നേട്ടങ്ങളാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ കേരളത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

<u>ശ്രീ. മാത്യു ടി. തോമസ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളേറെയും നടപ്പാക്കുകയും സമസ്ത മേഖലകളിലും മെച്ചപ്പെട്ട വികസന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്ത സർക്കാരാണിത്. പച്ചക്കറിക്ക് താങ്ങുവില പ്രഖ്യാപിച്ചതും സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. ലൈഫ് ഉൾപ്പെടെയുള്ള

ക്ഷേമ പദ്ധതികളുടെ ഗുണഫലം ജനങ്ങളിലെത്തിക്കുന്നത് തടയാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുൻ നയപ്രഖ്യാപന പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും യാഥാർത്ഥ്യമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ലൈഫ്, കിഫ്ബി പദ്ധതികൾ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. വി. കെ. പ്രശാന്ത്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നിരവധി പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും തുലനം ചെയ്യാനാകാത്ത വികസന പ്രവർത്തനങ്ങളാണ് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ നടന്നത്. സംരംഭക വികസന പദ്ധതിയിലൂടെ ആയിരത്തിലധികം ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്താനും ഐ.ടി. മേഖലയിൽ മുന്നേറ്റമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണമേർപ്പെടുത്തിയ നടപടി ശ്ലാഘനീയമാണ്. റേഷൻ കടകളെ പുനരുജ്ജീവിപ്പിക്കാനും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്താനും മഴവില്ല് പദ്ധതി

ആവിഷ്കരിക്കാനും സാധിച്ചത് എടുത്തപറയത്തക്ക നേട്ടങ്ങളാണ്. തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനും പോലീസ്, എക്സൈസ്, ഫോറസ്റ്റ് വകുപ്പുകളിൽ വനിതാ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും ഡ്രൈവർ തസ്തികയിലുൾപ്പെടെ സ്ത്രീകൾക്ക് അവസരം നൽകാനും വനിതാക്ഷേമത്തിനുവേണ്ടി ബജറ്റിൽ തുക നീക്കിവയ്ക്കാനും സാധിച്ചത് ശ്രദ്ധേയമാണ്. കേരളത്തിന് ലഭിക്കേണ്ട നികുതിവിഹിതം ഇല്ലാതാക്കുകയും പദ്ധതി വിഹിതത്തിൽ ഗണ്യമായ കുറവു വരുത്തുകയും ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പേരിൽ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്ത കേന്ദ്ര നടപടി പ്രതിഷേധാർഹമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ സർക്കാർ വൻപരാജയമാണ്. പിൻവാതിൽ നിയമനങ്ങളിലൂടെ പി.എസ്.സി. നിയമനങ്ങൾ അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്. ബജറ്റിൽ പ്രഖ്യാപിച്ച ഇടുക്കി, വയനാട്, തീരദേശ പാക്കേജുകൾ നടപ്പിലാക്കാനോ സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകാനോ ജനക്ഷേമ പദ്ധതികൾ പ്രാവർത്തികമാക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. കാരുണ്യ പദ്ധതി

നിർത്തലാക്കിയതും റബ്ബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാത്തതും കോവിഡ് കാലത്ത് സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കാതെ കൃഷിക്കാരെയും കാർഷിക മേഖലയെയും അവഗണിച്ചതും പ്രതിഷേധാർഹമാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും പുരോഗതി കൈവരിച്ചതും പ്രകടന പത്രികയിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കിയതും കോവിഡ് രോഗവ്യാപന സമയത്ത് എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തതും അഭിനന്ദനാർഹമാണ്. കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങൾക്കെതിരായി സംസ്ഥാനം ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഗെയിൽ പൈപ്പ്ലൈൻ യാഥാർത്ഥ്യമാക്കണം. കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കാനും നവോത്ഥാന നായകരുടെ സ്മരണാർത്ഥം സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനും കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനം ഗ്രാമീണതലത്തിലേയ്ക്ക് എത്തിക്കാനുമുള്ള തീരുമാനം ശ്ലാഘനീയമാണ്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങൾക്ക് തിരുവനന്തപുരത്ത് വിപണനകേന്ദ്രം സ്ഥാപിക്കുന്നതിനും നെൽകർഷകർക്ക് റോയൽറ്റി

നിശ്ചയിക്കുന്നതിനും കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള നടപടി ശ്രദ്ധേയമാണ്.

ശ്രീ. ഒ. രാജഗോപാൽ: നന്ദിപ്രമേയത്തെ എതിർക്കുന്നു. രാജ്യത്തൊട്ടാകെ കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങളുടെ ഫലമായാണ് സംസ്ഥാനത്ത് വിവിധ പദ്ധതികൾ അനുവദിക്കുന്നതും അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതെന്നുമുള്ള വസ്തുത വിസ്മരിക്കരുത്. കർഷകരുടെ വരുമാനം ഇരട്ടിയാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് കേന്ദ്ര സർക്കാരിന്റെ കാർഷിക ഭേദഗതി നിയമം. ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിലും കോവിഡ് മഹാമാരി പ്രതിരോധത്തിന് കേന്ദ്ര സർക്കാർ നൽകിയ സഹായവും വാക്സിൻ കണ്ടുപിടിച്ച് വിതരണശൃംഖല ക്രമീകരിക്കുന്നതിലുമുൾപ്പെടെ കേന്ദ്രം കൈവരിച്ച നേട്ടത്തെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കർഷകക്ഷേമ ബോർഡ് രൂപീകരിക്കാനും 16 ഇനം പഴം-പച്ചക്കറി ഉല്പാദകരുടെ ആശങ്ക ദൂരീകരിക്കാനും കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന

വില ഏർപ്പെടുത്താനും സർക്കാരിന് സാധിച്ചു. ഇടുക്കിയിലെ കർഷകരുടെ പട്ടയ പ്രശ്നങ്ങളിൽ അനുകൂല നിലപാട് സ്വീകരിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ ഭൗതികസാഹചര്യം സൃഷ്ടിച്ചുകൊണ്ട് മലയോര മേഖലയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കിയ സർക്കാർ നടപടി ശ്ലാഘനീയമാണ്. പട്ടയഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവരണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിക്കിടയിലും സൗജന്യ റേഷൻ/ഭക്ഷ്യകിറ്റ് വിതരണം, ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ആശുപത്രികളും സജ്ജീകരിക്കൽ തുടങ്ങിയവ സർക്കാരിന്റെ നേട്ടങ്ങളാണ്. കർഷകക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും കർഷകർക്ക് പെൻഷൻ ഉറപ്പാക്കുകയും നെൽകൃഷിക്ക് റോയൽറ്റി ഏർപ്പെടുത്തുകയും സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുകയും 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിക്കുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ

സംസ്ഥാനമായി കേരളത്തെ മാറ്റാനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാനും ദേശീയ ഭക്ഷ്യഭദ്രതാ നിയമം ഫലപ്രദമായി നടപ്പാക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്.

## VII വ്യക്തിപരമായ വിശദീകരണം

### പുനർജനി പദ്ധതിയെക്കുറിച്ചുള്ള ആരോപണം

ശ്രീ. വി. ഡി. സതീശൻ: കഴിഞ്ഞ പ്രളയത്തിനുശേഷം എന്റെ മണ്ഡലത്തിൽ നടപ്പാക്കിയ പുനർജനി പദ്ധതിയെക്കുറിച്ചാണ് ശ്രീ. റ്റി. വി. രാജേഷ് ആക്ഷേപം ഉന്നയിച്ചത്. ഇരുന്നൂറോളം വീടുകളാണ് ഈ പദ്ധതിപ്രകാരം നിർമ്മിച്ചത്. എറണാകുളം നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും റോട്ടറി ക്ലബ്ബുകൾ എൺപതോളം വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. ഓരോ വീടിന്റെയും സ്പോൺസർ ആരാണെന്ന് ശിലാസ്ഥാപനം നടത്തിയപ്പോഴും താക്കോൽദാനം നിർവ്വഹിച്ചപ്പോഴും പരസ്യമായി അറിയിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. വിദേശ മലയാളികളും സംഘടനകളും മറ്റും ആവശ്യമായ സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. പുനർജനി പദ്ധതിയുമായി ബന്ധപ്പെട്ട് സ്വദേശത്തുനിന്നോ വിദേശത്തുനിന്നോ ഒരു രൂപപോലും ഞാൻ നേരിട്ട് വാങ്ങിയിട്ടില്ല.

ഇതിനാവശ്യമായ പേപ്പർ വർക്കുകളും സംവിധാനങ്ങളും പുനർജനിയുടെ വോളണ്ടിയർമാരാണ് ചെയ്തത്. കളമശ്ശേരിയിലെ ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫഷണൽ രീതിയിൽ സർവ്വേ നടത്തിയാണ് ടാർഗറ്റ് ഗ്രൂപ്പിനെയും ബെനിഫിഷ്യറീസിനെയും കണ്ടെത്തിയത്. പ്രളയത്തിൽ തയ്യൽ മെഷീൻ നഷ്ടപ്പെട്ട ആയിരത്തോളം പേർക്ക് അവ വാങ്ങി നൽകിയിട്ടുണ്ട്. വെള്ളം കയറിയ രണ്ടായിരത്തിലധികം കട ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി. വിദ്യാഭ്യാസ വകുപ്പ് നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒമ്പതിനായിരം കുട്ടികൾക്ക് സ്കൂൾ ബാഗും സ്റ്റഡിമെറ്റീരിയൽസും വിതരണം ചെയ്യുകയും യൂണിഫോം നഷ്ടപ്പെട്ട ഏഴായിരത്തോളം കുട്ടികൾക്ക് അവ വാങ്ങിനൽകുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഞാൻ യൂണിയൻ പ്രസിഡന്റായിരിക്കുന്ന സ്ഥാപനങ്ങൾ എന്നിവയെല്ലാം ഇതിനായി സഹായിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പാക്കിയതിന് എന്നെ അഭിനന്ദിക്കുന്നതിനുപകരം അധിക്ഷേപിക്കുന്നത് ശരിയല്ല.

**നന്ദിപ്രമേയ ചർച്ച (തുടർച്ച)**

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് പ്രതിസന്ധി കാരണം മടങ്ങിയെത്തിയ പ്രവാസികളെ വിമാനത്താവളത്തിൽ

നിന്നും നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കാനോ എഫ്.എൽ.ടി.സി.-കളിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താനോ സമൂഹ അടുക്കളകൾ നടത്തിയതിനുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാനോ സർക്കാരിന് സാധിച്ചിട്ടില്ല. വെന്റിലേറ്റർ സൗകര്യം ലഭിക്കാതെ കാസർഗോഡ് ജില്ലയിൽ രോഗികൾ മരിക്കുന്ന സാഹചര്യമുണ്ടായപ്പോഴും സ്വകാര്യ ആശുപത്രികൾക്ക് കോവിഡ് ചികിത്സയുടെ പേരിൽ ലാഭം കൊയ്യാനുള്ള അവസരമുണ്ടാക്കുകയാണ് സർക്കാർ ചെയ്തത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിത കേരളം, ആർദ്രം തുടങ്ങി നിരവധി പദ്ധതികൾ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗെയിൽ പദ്ധതി നടപ്പിലാക്കിയതും ഷാർജ കൾച്ചറൽ കോംപ്ലക്സിന് സ്ഥലമെടുപ്പ് പൂർത്തിയാക്കിയതും പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള നാല് കോളനികൾ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയതും പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിച്ചതും മുടങ്ങിക്കിടന്ന ജപ്പാൻ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കിയതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റമാണ് സർക്കാർ വരുത്തിയത്.

<u>ശ്രീ. എം. വിൻസെന്റ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതലുള്ള നയപ്രഖ്യാപന പ്രസംഗങ്ങൾ പരിശോധിച്ചാൽ പ്രഖ്യാപനങ്ങളൊന്നും യാഥാർത്ഥ്യമാക്കിയിട്ടില്ല എന്നുകാണാം. അർഹതപ്പെട്ട തീരദേശവാസികൾക്ക് പട്ടയം നൽകുന്നതിനും അൺ-സർവ്വേയ്ഡ് ലാന്റിന്റെ സർവ്വേനടപടികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് കഴിയുന്ന വിദേശടൂറിസ്റ്റുകൾ ഏഴ് ദിവസത്തിലധികം ക്വാറന്റീനിൽ കഴിയണമെന്ന നിബന്ധനയിൽ മാറ്റം വരുത്തണം. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കണം. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ ഈ സർക്കാർ ജനദ്രോഹനടപടികളുമായാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിമൂലമുള്ള മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനമികവുകൊണ്ടാണ്. ഹിൽ ഹൈവേയ്ക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞതും മലയോര-തീരദേശ ഹൈവേകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതും കെ-ഫോൺ, കെ-റെയിൽ അടക്കമുള്ള വികസന പദ്ധതികൾ

നടപ്പിലാക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. കേരളത്തിന്റെ വികസന പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്ന പ്രവർത്തനങ്ങൾ പ്രതിപക്ഷം അവസാനിപ്പിക്കണം. പ്രവാസി മലയാളികൾക്കായി ലോക കേരള സഭ സംഘടിപ്പിച്ചതും നാഷണൽ ഹൈവേ യാഥാർത്ഥ്യമാക്കിയതും ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പ്രാവർത്തികമാക്കിയതും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി പൂർത്തീകരിച്ചതും നിർദ്ദിഷ്ട ശബരിമല വിമാനത്താവള പദ്ധതിക്ക് തുടക്കം കുറിച്ചതും അഭിനന്ദനാർഹമാണ്.

സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു.

* * * * *